UGC CELL2/22139/2021/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 18.08.2021

**പരിപത്രം**

വിഷയം:- കോ വി വ -യുജിസി 2018 റെഗുലേഷൻ കാലയളവിലെ അധ്യാപകരുടെ പ്ലേസ്മെൻറ് പ്രൊപ്പോസൽ സമർപ്പിക്കുന്നത് -സംബന്ധിച്ച് .

സൂചന :- G .O. (P )No.9/ 2021/HEDN തീയതി : 20 .02 .2021

*********

G .O(P) No. 9/ 2021/ HEDN തീയതി: 20 .02.2021 പ്രകാരം സർക്കാർ/ സ്വകാര്യ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ യു.ജി.സി. റെഗുലേഷൻ 2018 അനുസരിച്ചുള്ള മാനദണ്ഡങ്ങളും, നിലവാരവും, നടപടിക്രമങ്ങളും കർശനമായി പാലിച്ചുകൊണ്ട് പ്രൊഫസർ തസ്തികയിലേക്ക് കരിയർ അഡ്വാൻസ്മെന്റ് പ്ലേസ്മെന്റ് അനുവദിക്കുന്നതിനു അനുമതി നൽകിയിട്ടുണ്ട്.

ടി സർക്കാർ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ അസോസിയേറ്റ് പ്രൊഫസർമാരിൽ യു.ജി.സി. റെഗുലേഷൻ 2018, 6.4 (B) IV ൽ പരാമർശിച്ചിട്ടുള്ള നിർദ്ദിഷ്ട യോഗ്യതയുള്ളവരിൽ നിന്നും യുജിസി ഏഴാം സ്കീം കാലയളവിൽ (18.07.2018 മുതൽ) കരിയർ അഡ്വാൻസ്മെൻറ് സ്കീം പ്രകാരം പ്രൊഫസർ പ്ലേസ്മെന്റിന് അപേക്ഷ ക്ഷണിക്കുന്നു .

സർക്കാർ എഞ്ചിനീയറിങ്, പോളിടെക്നിക്, ലോ, ആയുർവേദ, മെഡിക്കൽ കോളേജുകളിൽ ജോലി ചെയ്യുന്ന ഈ വകുപ്പിനു കീഴിലുള്ള അധ്യാപകരുടെ പ്രൊഫസർ പ്ലേസ്മെൻറ് പ്രപ്പോസലുകൾ, അതാത് കോളേജ് പ്രിൻസിപ്പാൾ മുഖേന, സമീപ സ്ഥലത്തെ ഗവ.ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ I.Q.A.C. പരിശോധനക്ക് ശേഷം വേണം സമർപ്പിക്കേണ്ടത് .

പ്രപ്പോസലുകൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ നിർദ്ദേശങ്ങളും, പ്രൊഫോർമയുടെയും, മറ്റ് ഫോമുകളുടെ മാതൃകയും ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു .

പ്ലേസ്മെൻറ് പ്രപ്പോസലിന്റെ അസൽ ഈ കാര്യാലയത്തിൽ ലഭിക്കേണ്ട അവസാന തീയതി 15.09.2021. പ്ലേസ്മെൻറ് പ്രപ്പോസലിന്റെ പകർപ്പ് E- mail ( ugccelldce@gmail.com) മുഖേനയും സമർപ്പിക്കേണ്ടതാണു.

# Approval Valid

Digitally Approved By
വിഘ്നേശ്വരി വി ഐ.എ.എസ്സ്
Date: 18.08.2021
Reason: Approved

*ഒപ്പ്/-*
**വിഘ്നേശ്വരി വി ഐ.എ.എസ്സ്**
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1 . പ്രിൻസിപ്പൽ ,ഗവ ആർട്സ് ആൻഡ് സയൻസ് ,എൻജിനീയറിങ് , പോളിടെക്നിക് , ലോ കോളേജ്, ആയുർവേദ മെഡിക്കൽ കോളേജുകൾ ( ഔദ്യോഗിക വെബ്സൈറ്റ് മുഖേന )

2 .സിസ്റ്റം മാനേജർക്ക് ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

3 . കരുതൽ ഫയൽ / നടപ്പ് ഫയൽ